(സി) വൈദ്യുതി മോഷണം ഫലപ്രദമായി തടയുന്നതിന് നൂതന സംവിധാനം എന്തെങ്കിലുമുണ്ടോ എങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ 116 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. സ്ഥാപനങ്ങളുടെ പേരും തുകയും അനുബന്ധം I-ൽ† കൊടുത്തിരിക്കുന്നു.

(സി) ഉണ്ട്. വിശദവിവരം അനുബന്ധം II-ൽ† കൊടുത്തിരിക്കുന്നു.

എടത്വാ 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണം

10 [321] *ഡോ. കെ. സി. ജോസഫ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വാ 110 കെ. വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ;

(ബി) കിടങ്ങറ, കാവാലം സബ്സ്റ്റേഷനുകളുടെ നിർമ്മാണത്തിനാവശ്യമായ സ്ഥലം വാങ്ങുന്നതിനുള്ള നടപടി ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഈ സബ്സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതിന് വൈദ്യുതി ബോർഡിന് നിർദ്ദേശം നൽകുമോ;

(ഡി) മങ്കൊമ്പ് സബ്സ്റ്റേഷനിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങൾ ആണ് ഏറ്റെടുത്തിട്ടുള്ളതെന്നും അവ എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എടത്വാ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ തറനിരപ്പാക്കൽ, ചുറ്റുമതിൽ നിർമ്മാണം എന്നിവ പൂർത്തീകരിക്കുകയും, സബ്സ്റ്റേഷനിലേയ്ക്കുള്ള 110 കെ. വി. ലൈനിന്റെ നിർമ്മാണം 50% പൂർത്തിയാക്കുകയും

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തിട്ടുണ്ട്. കൂടാതെ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനുള്ള യാർഡിന്റെ ജോലികളും, മറ്റ് ജോലികളും പുരോഗമിച്ചു വരുന്നു. 2005 സെപ്റ്റംബർ മാസത്തിൽ സബ്സ്റ്റേഷൻ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) കിടങ്ങറ 33 കെ. വി. സബ്സ്റ്റേഷനുവേണ്ടി നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലം ഭൂ ഉടമകളുടെ എതിർപ്പുമൂലം ലഭിക്കാൻ സാധിക്കാത്തതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. കാവാലം 66 കെ.വി. സബ്സ്റ്റേഷനുവേണ്ടി നിശ്ചയിച്ചിരുന്ന സ്ഥലത്തിന് ഭൂ ഉടമകൾ കൂടുതൽ വില ആവശ്യപ്പെട്ടതിനാൽ പുതിയ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

(സി) സ്ഥലം ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

(ഡി) കുട്ടനാട് (മങ്കൊമ്പ്) 66 കെ.വി. സബ്സ്റ്റേഷനിൽ പുതിയ കൺട്രോൾ റും നിർമ്മാണം, നിലവിലുള്ള മൂന്ന് 4 എം.വി.എ. ട്രാൻസ്ഫോർമറുകളും, ഒരു 6.3 എം.വി.എ. ട്രാൻസ്ഫോർമറും മാറ്റി പുതിയ രണ്ട് 10 എം.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുക, മറ്റ് അനുബന്ധ ജോലികൾ എന്നീ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. 2005 ഡിസംബർ മാസത്തിൽ സബ്സ്റ്റേഷൻ വികസനം പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ നടപടി

11 [322] *ശ്രീ. എ. സി. ഷൺമുഖദാസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിൽ വയറിംഗ് കഴിഞ്ഞിട്ടും ട്രാൻസ്ഫോർമർ സ്ഥാപിക്കാത്തതുകൊണ്ട് കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ കഴിയാത്ത കാര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ നന്മണ്ട പഞ്ചായത്തിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ വേണ്ടി ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള 8,53,000 രൂപയുടെ എസ്റ്റിമേറ്റ് ബോർഡ് എടുക്കുകയും, കോഴിക്കോട് ജില്ലാ കളക്ടർക്ക്

LIBRARY ARCHIVES Kerala Legislative Assembly